കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക

പുസ്തകം 3 | ലക്കം 23 | മാർച്ച് 15, 2019

അകത്താളുകളിൽ

2 കർഷകരുടെ വായ്പകൾ – ജപ്തി നടപടികൾ നിർത്തിവെയ്ക്കും: കൃഷിവകുപ്പ് മന്ത്രി

6 കാപ്പി കർഷകർക്ക് താങ്ങാകാൻ കോഫി പാർക്ക്: മലബാർ കോഫിയും ബ്രാൻഡ് ആകുന്നു

# സൂര്യതാപം

## കർഷകരും കർഷകത്തൊഴിലാളികളും ജാഗ്രത പാലിക്കണമെന്ന് കൃഷിവകുപ്പ്

സൂര്യതാപം ,സൂര്യാഘാതം എന്നിവ രൂക്ഷമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകരും കർഷകത്തൊഴിലാളികളും അതീവ ജാഗ്രത പുലർത്തണമെന്ന് കൃഷിവകുപ്പ് അധികൃതർ അഭിപ്രായപ്പെട്ടു . രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണിവരെ നേരിട്ടു വെയിലേൽക്കുന്ന കൃഷിപ്പണികൾ ഒഴിവാക്കേണ്ടതാണ് . ശരീരത്തിൽ പൊള്ളലേറ്റ് ചുവന്ന പാടുകളോ അസ്വഭാവിക ലക്ഷണങ്ങളോ പുറത്തിറങ്ങുമ്പോൾ പ്രകടമാകുകയാണെങ്കിൽ ഒട്ടും താമസിയാതെ വൈദ്യസഹായം ലഭ്യമാക്കേണ്ടതാണ് .

കഴിയുന്നതും സിന്തറ്റിക് വസ്ത്രങ്ങൾ ഒഴിവാക്കി അയഞ്ഞ മറ്റു വസ്ത്രങ്ങൾ ധരിച്ചു മാത്രമേ പുറത്തിറങ്ങുവാൻ പാടുള്ളൂ. നേരിട്ട് സൂര്യരശ്മികൾ ശരീരത്തിൽ പഠിക്കാത്ത തരത്തിൽ വസ്ത്രധാരണം നടത്തേണ്ടതാണ്. കുടിക്കാനായി തിളപ്പിച്ചാറ്റിയ തണുത്തജലം ഉപയോഗിക്കാവുന്നതാണ്. നിർജലീകരണം ഒഴിവാക്കാനായി ഇടയ്ക്കിടയ്ക്ക് വെള്ളം കുടിക്കേണ്ടതുമാണ്. പച്ചക്കറികളും പഴങ്ങളും ധാരാളമായി ആഹാരത്തിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം. മാർച്ച് – ഏപ്രിൽ മാസങ്ങളിൽ ഈ പ്രതിഭാസം തുടരുവാനും താപനില ഇനിയും ഉയരുവാനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പു ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ ആഹാരം, ദിനചര്യ, വസ്ത്രധാരണം എന്നിവയിൽ വേണ്ട മാറ്റങ്ങൾ വരുത്തി ജാഗരൂകരായിരിക്കണമെന്നും കൃഷിവകുപ്പ് അറിയിച്ചു.



# കർഷകരുടെ വായ്പകൾ– ജപ്തി നടപടികൾ നിർത്തിവെയ്ക്കും: കൃഷിവകുപ്പ് മന്ത്രി

കർഷകരുടെ വായ്പയിൻമേലുള്ള ജപ്തി നടപടികൾ നിർത്തിവെയ്ക്കാൻ കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ ബാങ്കുകൾക്ക് നിർദ്ദേശം നൽകി. കർഷകരുടെ മേൽ സർഫാസി നിയമം അടിച്ചേൽപ്പിക്കരുതെന്നും സർഫാസി നിയമപ്രകാരം കാർഷിക വായ്പയിന്മേൽ ജപ്തി നടപടികൾ സ്വീകരിക്കരുതെന്നും കൃഷിമന്ത്രി



# 'താരും തളിരും' സാങ്കേതികവിദ്യ വാരാചരണത്തിന് തുടക്കമായി

ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിൻറെ കീഴിൽ പ്രവർത്തിക്കുന്ന പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ കർഷകർക്കായി 2019 മാർച്ച് 12 മുതൽ 15 വരെ താരും തളിരും എന്ന പേരിൽ സംഘടിപ്പിച്ച സാങ്കേതികവിദ്യ വാരാചരണത്തിന്റെ ഉദ്ഘാടനം ആത്മ സംസ്ഥാന നോഡൽ ഓഫീസർ ഡോ. കെ ആശ നിർവഹിച്ചു. ഭാരതീയ സുഗന്ധവിള ഗവേഷണകേന്ദ്രം പ്രിൻസിപ്പൽ സയിന്റിസ്റ്റ് ഡോ. സുശീല ഭായി അധ്യക്ഷത വഹിച്ചു. കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ഷീല എസ്, ആത്മ ഡെപ്യൂട്ടി പ്രൊജക്റ്റ് ഡയറക്ടർ ശ്രീ. ഒ. പ്രസന്നൻ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. ചടങ്ങിൽ കേരകേസരി അവാർഡ് നേടിയ ശ്രീ. കെ ടി. എം. ഫ്രാൻസിസിനെയും ശ്രീ. ടി. കുഞ്ഞിരാമൻ കല്ലോടിനേയും ആദരിച്ചു. അതുപോലെ ഈ വർഷം സർവീസ് വിവരിക്കുന്ന കൃഷിവിജ്ഞാന കേന്ദ്രത്തിലെ ശ്രീ. സി. വി. രവീന്ദ്രനെയും ആദരിച്ചു. പ്രോഗ്രാം കോർഡിനേറ്റർ ഡോ. രാധാകൃഷ്ണൻ സ്വാഗതവും ഡോ. സി എൻ ബൈജു. നന്ദിയും രേഖപ്പെടുത്തി. തുടർന്ന് നടന്ന പരിശീലന പരിപാടിയിൽ വേനൽകാല പച്ചക്കറി കൃഷി എന്ന വിഷയത്തിൽ കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ഷീല എസ് വേനൽക്കാല പയറുവർഗ്ഗ കൃഷി രീതികളെ പറ്റി ഡോക്ടർ പുരുഷോത്തമനും ക്ലാസുകൾ കൈകാര്യം ചെയ്തു. തുടർന്ന് കർഷക ശാസ്ത്രജ്ഞ സംവാദവും നടത്തി. ഇതിന്റെ ഭാഗമായി കാർഷിക പ്രദർശനവും വിൽപനയും മേളയും ഒരുക്കിയിട്ടുണ്ട് ഫാം ഇൻഫർമേഷൻ ബ്യൂറോ, കൂത്താളി ഫാം, ഡയറക്ടറേറ്റ് ഓഫ് അരക്കനട്ട് റിസർച്ച് കോഴിക്കോട്, നിരവധി കർഷക നഴ്സറികൾ കൃഷി വിജ്ഞാന കേന്ദ്രത്തിലെ പ്രദർശനങ്ങൾ, ഭാരതീയ സുഗന്ധവിള ഗവേഷണകേന്ദ്രത്തിലെ പ്രദർശനം എന്നിവയും മേളക്ക് മാറ്റ് കൂട്ടി. ബ്ലോക്ക് തല ബോധവൽക്കരണ സെമിനാറും തെങ്ങ് കൃഷിയും ശാസ്ത്രീയ പരിശീലനവും വിളവെടുപ്പിനു ശേഷമുള്ള പരിപാലനം എന്നീ വിഷയങ്ങളിൽ പരിശീലനപരിപാടികളും ഉണ്ടായിരുന്നു. കൃഷി വിജ്ഞാന കേന്ദ്രം 26 വർഷമായി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ് ഒരു വർഷത്തിൽ ഏകദേശം നൂറോളം പരിശീലനപരിപാടികളും 120 ഓളം പ്രദർശന കൃഷിത്തോട്ടങ്ങളും കർഷകർക്കിടയിൽ നടപ്പിലാക്കിവരുന്നു. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളും, മുട്ടക്കോഴി ഇനങ്ങൾ, ജൈവ നിയന്ത്രണ ഉപാധികൾ കർഷകർക്കായി നൽകുകയും ചെയ്യുന്നുണ്ട്



ആവശ്യപ്പെട്ടു. തൊടുപുഴ അർബൻ ബാങ്ക് ആഡിറ്റോറിയത്തിൽ കൂടിയ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിനു ശേഷം നടത്തിയ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കൃഷിമന്ത്രി.

കർഷകരുടെ കാർഷികേതര വായ്പകൾക്കുള്ള മൊറട്ടോറിയം 2019 ഡിസംബർ 31 വരെ നീട്ടിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. സംസ്ഥാന കടാശ്വാസ കമ്മീഷന് തീർപ്പു കൽപ്പിക്കാവുന്ന വായ്പാപരിധി 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ 2018 ആഗസ്റ്റ് 31 വരെയുള്ള വായ്പകൾ കടാശ്വാസ കമ്മീഷൻ പരിഹരിക്കുന്നതാണ്. പ്രളയാനന്തരം കുരുമുളക് നശിച്ച കർഷകർക്കായി 1200 ഹെക്ടറിൽ കുരുമുളക് പുനരുദ്ധാരണ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കർഷകർക്ക് പലിശയടച്ച് വായ്പ പുതുക്കാനുള്ള പദ്ധതികൾ ബാങ്കുകൾ സ്വീകരിക്കാനും മന്ത്രി നിർദ്ദേശിച്ചു. കർഷകരെ ഫോണിലൂടെ ഭീഷണിപ്പെടുത്തി തിരിച്ചടവിന് പ്രേരിപ്പിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ ക്രിമിനൽ കേസ് എടുക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

മറയൂർ ശർക്കരയ്ക്ക് ഭൗമസൂചിക ലഭിച്ച കാര്യവും കൃഷിമന്ത്രി പത്രസമ്മേളനത്തിൽ വച്ച് പ്രഖ്യാപിച്ചു. ശ്രീ. ജോയ്സ് ജോർജ്ജ് എം.എൽ.എ., ശ്രീമതി ബിജിമോൾ എം.എൽ.എ, ശ്രീ. പി.ജെ. ജോസഫ് എം.എൽ.എ, എസ്.എൽ.ബി.സി.യെ പ്രതിനിധീകരിച്ച് ഡി.ജി.എം ശ്രീ. കൃഷ്ണൻകുട്ടി, ലീഡ് ബാങ്ക് മാനേജർ ശ്രീ. രാജഗോപാലൻ, കൃഷി ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്, പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ ശ്രീ. പണിക്കർ തുടങ്ങിയവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

# കാർഷികയന്ത്ര പരിരക്ഷണയജ്ഞത്തിന് തുടക്കമായി



കേരളത്തിലെ മുഴുവൻ ജില്ലകളിലും നടപ്പിലാക്കി വരുന്ന കാർഷിക യന്ത്ര പരിരക്ഷണയജ്ഞത്തിന്റെ ഭാഗമായികോഴിക്കോട്ജില്ലയിലെ 9 അഗ്രോ സർവീസ് സെൻററിലെയും ഒരു കർമ്മസേനയിൽ നിന്നുമായി രണ്ട് പേരെവീതം 20 പേർക്ക് 2019 മാർച്ച് 11 മുതൽ 23 വരെ 12 ദിവസം നീണ്ടുനിൽക്കുന്ന കാർഷിക യന്ത്രത്തിന്റെ അറ്റകുറ്റപ്പണിയും പ്രവർത്തി പരിചയ പരിശീലനവും കോഴിക്കോട് വേങ്ങേരി മൊത്ത വ്യാപാര കേന്ദ്രത്തിൽ ആരംഭിച്ചു. ജില്ലയിലെ മുഴുവൻ കാർഷിക കർമ്മസേനയിലെയും കാർഷിക യന്ത്ര സേവന കേന്ദ്രങ്ങളിലെയും കേടുപാട് പറ്റിയ കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി ചെയ്തു അവയെ പ്രവർത്തന സജ്ജമാക്കി കാർഷിക കർമ്മ സേനകൾക്ക് നൽകുകയും തുടർ പരിചരണത്തിന് പ്രാപ്തരാക്കുകയുമാണ് ലക്ഷ്യമിടുന്നത്. കൂടാതെ രണ്ടാം ഘട്ടത്തിൽ കർഷകരുടെയും കാർഷിക സമിതികളുടെയും പക്കലുള്ള കേടുവന്ന മുഴുവൻ കാർഷികയന്ത്രങ്ങളുടെയും അറ്റകുറ്റപ്പണികൾ ഈ യജ്ഞത്തിന്റെ ഭാഗമായി ചെയ്തു കൊടുക്കുന്നതായിരിക്കും. ഇതിനായി ഓരോ ജില്ലയ്ക്കുവേണ്ടി കാർഷിക യന്ത്രവൽക്കരണ മിഷൻ കാർഷിക യന്ത്ര കിരൺ സ്ക്വാഡ് (KYKS) രൂപീകരിച്ചിട്ടുണ്ട്. ഇതിന് ഒരു പ്രോജക്ട് എൻജിനീയർ, കാർഷിക ഗവേഷണകേന്ദ്രം മണ്ണുത്തിയിലെ ഭക്ഷ്യ സുരക്ഷാസേനയിലെ രണ്ടുസീനിയർമാസ്റ്റർ ട്രെയിനർമാർ, കാർഷിക യന്ത്രവൽക്കരണം മിഷന്റെ നാല് കാർഷികമെക്കാനിക് ട്രെയിനർമാർ ഉൾപ്പെടുന്ന ആറ് അംഗങ്ങളുടെ സംഘമാണ് പ്രവർത്തനം നിയന്ത്രിക്കുന്നത്. കൂടാതെ ജില്ലയിലെ കൃഷി എഞ്ചിനീയറുടെ നേതൃത്വത്തിൽ കൃഷി മെക്കാനിക്കുകളും ഈ യജ്ഞത്തിൽ പങ്കുചേരുന്നു. തുടർന്നുള്ള ഘട്ടങ്ങളിൽ കാർഷിക കർമ്മസേനയിലെയും കാർഷികസേവന കേന്ദ്രത്തിലെയും മുഴുവൻ അംഗങ്ങൾക്കും പരിശീലനം നൽക്കുവാൻ ലക്ഷ്യമിടുന്നു. അടുത്ത ഒരു വർഷം കൊണ്ട് തന്നെ ജില്ലയിലെ മുഴുവൻ കാർഷിക യന്ത്രങ്ങളുടെയും കേടുപാടുകൾ തീർത്ത് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള കർമ്മ പരിപാടിയുമായി കാർഷിക യന്ത്രവൽക്കരണ മിഷൻ മുന്നോട്ടു പോകുന്നു. പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഉത്തരമേഖലാ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജയശ്രീ ഉദ്ഘാടനം ചെയ്തു. ആത്മ ഡെപ്യൂട്ടി പ്രൊജക്റ്റ്ഡയറക്ടർ കോഴിക്കോട് ശ്രീ. പ്രസന്നൻ അധ്യക്ഷനായിരുന്നു. ഡോ. ജയകുമാർ സി. ഇ. ഒ കേരളസ്റ്റേറ്റ് അഗ്രികൾച്ചർ മെക്കനൈസേഷൻ മിഷൻ പദ്ധതി വിശദീകരണവും കോഴിക്കോട് കർഷക പരിശീലനകേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സുരേഷ് ആശംസയും നേർന്നു സംസാരിച്ചു. ചടങ്ങിന് കൃഷി എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ. പി അഹമ്മദ് കബീർ സ്വാഗതവും പ്രോജക്ട് എൻജിനീയർ ശ്രീമതി അർച്ചന നന്ദിയും രേഖപ്പെടുത്തി

# 'കാർഷികമേഖലയുടെ മുന്നേറ്റത്തിന് ജനങ്ങൾ ഒന്നിച്ചു – കൃഷിമന്ത്രി'

കാർഷികമേഖലയുടെ മുന്നേറ്റത്തിന് എല്ലാ വിഭാഗം ജനങ്ങളും ഒരുമിച്ച് നിൽക്കുകയാണെന്ന് കൃഷിമന്ത്രി വി. എസ് സുനിൽകുമാർ പറഞ്ഞു. ഇതുമൂലം കാർഷികമേഖലയിൽ ധാരാളം മുന്നേറ്റം കൈവരിക്കുവാനും നെൽവയലുകളുടെ വിസ്തൃതിയും കൃഷിയും വർദ്ധിപ്പിക്കുവാനും സാധിച്ചു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നാം അനുഭവിച്ച വരൾച്ചയും ഓഖിയും മഹാപ്രളയവും ഉണ്ടായിട്ടും കാർഷികമേഖലയിൽ പുരോഗതിയും വളർച്ചാനിരക്കും വർദ്ധിച്ചുവെന്ന് മന്ത്രി പറഞ്ഞു. തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ പാടശേഖരത്ത് അടിസ്ഥാനസൗകര്യവികസന പ്രവർത്തികളുടെ ശിലാസ്ഥാപനം നിർമ്മിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുപ്പത്തിഒൻപതിനായിരം ഏക്കർ സ്ഥലത്ത് തരിശ്ശ് കൃഷി ഇറക്കുന്നതിന് സാധിച്ചു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ പച്ചക്കറി ഉത്പാദനരംഗത്തുൾപ്പെടെ ഓരോ വിളയുടെ ഉത്പാദനത്തിലും സ്വയം പര്യാപ്തതയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കൃഷിവകുപ്പ് നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു. ചടങ്ങിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വികസനസ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ബി. പി മുരളി അദ്ധ്യക്ഷനായിരുന്നു. ജനപ്രതിനിധികൾ, കൃഷി ഉദ്യോഗസ്ഥർ, പാടശേഖരസമിതി അംഗങ്ങൾ, കർഷകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# ജലസ്രോതസ്സുകളിലെ ജലലഭ്യതയറിയാൻ സ്കെയിലുകൾ സ്ഥാപിച്ച് ഹരിതകേരളം മിഷൻ

ജലസ്രോതസ്സുകളിൽ ഓരോ സമയത്തും ഉള്ള ജലത്തിന്റെ അളവ് അറിയുന്നതിനും അതനുസരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളിലും സ്കെയിലുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കമായി. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷൻ യോഗത്തിലെ തീരുമാനപ്രകാരമാണ് ഈ നടപടി. സ്കെയിലിലെ അളവ് നോക്കി ഓരോ സമയത്തും കുളത്തിൽ എന്തുമാത്രം ജലം ലഭ്യമാണ് എന്ന് പൊതുജനങ്ങൾക്കു കൂടി അറിയാൻകഴിയുന്ന രീതിയിലുള്ള പട്ടിക ഉൾപ്പെടുന്ന ഒരു ബോർഡ് കൂടി സ്കെയിലിന് സമീപം സ്ഥാപിക്കുന്നുണ്ട്. ഈ അളവുകൾ തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിച്ച് വിവരങ്ങൾ എല്ലാ സമയത്തും ലഭ്യമാകത്തക്ക തരത്തിൽ ജിയോടാഗിംഗ് ഉൾപ്പെടുത്തിയിട്ടുള്ള ഒരു മൊബൈൽ ആപ്ലിക്കേഷനും ഇതിനായി തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും പ്രാദേശികമായുള്ള ജലലഭ്യതയും ഗുണനിലവാരവും അറിയാനും അതനുസരിച്ച് ജലവിതരണം, പരിപാലനം എന്നിവ ആസൂത്രണം ചെയ്യുന്നതിനുമാണ് മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്തിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ ജലസംരക്ഷണത്തിനായി ശാസ്ത്രീയവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന കാട്ടാക്കട നിയോജക മണ്ഡലത്തിലെ നൂറോളം കുളങ്ങളിൽ സ്കെയിലുകൾ സ്ഥാപിച്ചുകൊണ്ടാണ് ഈ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്.



സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ സഹായത്തോടെ കോസ്റ്റ് ഫോർഡിനെയാണ് സ്കെയിലുകൾ സ്ഥാപിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ 18 കുളങ്ങളിൽ സ്കെയിൽ സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയായിക്കഴിഞ്ഞു. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി കാട്ടാക്കട എം.എൽ.എ ശ്രീ. ഐ.ബി.സതീഷ്, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ. സീമ, ഭൂവിനിയോഗ കമ്മീഷണർ ശ്രീ. എ.നിസാമുദ്ദീൻ, ഹരിതകേരളം മിഷൻ കൺസൾട്ടന്റ് ശ്രീ. എബ്രഹാം കോശി തുടങ്ങിയവർ ഇന്ന് സ്ഥലം സന്ദർശിച്ചു.

# മുകുളം 2018 പുരസ്കാരം
# മല്ലപ്പള്ളി സെന്റ് ഫിലോമിനാസ് യു.പി. സ്കൂളിന് സമ്മാനിച്ചു



മണ്ണുമായി ഇണങ്ങിയ, നാടുമായി ഇണങ്ങിയ പുതിയ തലമുറ സൃഷ്ടിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അന്നപൂർണ്ണാ ദേവി പ്രസ്താവിച്ചു. പത്തനംതിട്ട ജില്ല ഐ.സി.എ. ആർ-കൃഷി വിജ്ഞാന കേന്ദ്രം, കാർഡ് ഏർപ്പെടുത്തിയ മുകുളം 2018 പദ്ധതിയുടെ അവാർഡ് ദാന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ശ്രീമതി അന്നപൂർണ്ണാദേവി. പ്രകൃതി വിഭവങ്ങളുടെ ഉപഭോഗത്തിലും സംരക്ഷണത്തിലും ഇളം തലമുറകളെ ബോധവൽക്കരിക്കുന്നതിൽ മുകുളം പോലയുള്ള പരിപാടികൾ മാതൃകാ പരമാണെന്നും ശ്രീമതി അന്നപൂർണ്ണാദേവി പറഞ്ഞു. മല്ലപ്പള്ളി സെന്റ് ഫിലോമിനാസ് യു.പി. സ്കൂൾ ജൈവവൈവിധ്യ സംരക്ഷണം, ഭക്ഷ്യ സുരക്ഷ എന്നിവയ്ക്ക് മുകുളം 2018 പദ്ധതിയിലൂടെ ഏർപ്പെടുത്തിയിട്ടുള്ള ജോസഫ് മാർത്തോമ്മാ എവർ റോളിങ്ങ് ഗ്രീൻ ട്രോഫിയും ക്യാഷ് അവാർഡും ശ്രീമതി അന്നപൂർണ്ണാ ദേവി സമ്മാനിച്ചു.

ഇരവിപേരൂർ ഗവ. യുപി.സ്കൂൾ രണ്ടാം സ്ഥാനത്തിനും, മഞ്ഞാടി മാർത്തോമ്മാ സേവികാ സംഘം യു.പി. സ്കൂളിന് മൂന്നാംസ്ഥാനത്തിനും ഉള്ള അവാർഡുകളും സമ്മാനിച്ചു. മികച്ച അദ്ധ്യാപിക കോർഡിനേറ്റർക്കുള്ള പുരസ്കാരം ഇരവിപേരൂർ ഗവ. യൂ.പി. സ്കൂളിലെ ശ്രീമതി റോഷ്നാ പി.കെയ്ക്ക് സമ്മാനിച്ചു. .




പദ്ധതിയോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സരത്തിൽ വിജയികളായ തടിയൂർ കാർമ്മൽ കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വെണ്ണിക്കുളം ബഥനി അക്കാദമി, കീഴ്വായപൂർ വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂൾ, ഗവ. യു.പി. സ്കൂൾ, ഇരവിപേരൂർ, ബിഎഎം യുപി സ്കൂൾ പെരുമ്പ്രാക്കാട്, മഞ്ഞാടി മാർത്തോമ്മാ സേവികാസംഘം യു.പി. സ്കൂൾ എന്നിവയ്ക്ക് സമ്മാനങ്ങൾ നൽകി. സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം എണ്ണൂറാംവയൽ സി.എം.എസ് എൽപി. സ്കൂളിനും സമ്മാനിച്ചു.

മാർത്തോമ്മാ സേവികാ സംഘം യു.പി. സ്കൂൾ മഞ്ഞാടിയിലെ വിവേക് വിനോദിന് മികച്ച കുട്ടികർഷകനുള്ള പുരസ്കാരം സമ്മാനിച്ചു. ആരോമൽ സന്തോഷ് പി., ഗവ. യു.പി. സ്കൂൾ ഇരവിപേരൂർ, അലൻ സ്കറിയ, സെന്റ് ഫിലോമിനാസ് യുപി. സ്കൂൾ മല്ലപ്പള്ളി എന്നിവർ കുട്ടികർഷക പുരസ്കാരത്തിൽ യഥാക്രമം രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടി.

കാർഡ് ഡയറക്ടർ റവ. ഏബ്രഹാം പി. വർക്കി അദ്ധക്ഷത വഹിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. സി.പി. റോബർട്ട് മുഖ്യപ്രഭാഷണം നടത്തി. മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റെജി സാമുവേൻ, മല്ലപ്പള്ളി പഞ്ചായത്ത് അംഗം ജോസഫ് ഇമ്മാനുവേൽ, എംസിആർഡി ഡയറക്ടർ റവ. വിനോദ് ഈശോ, കൃഷി വിജ്ഞാന കേന്ദ്രത്തിൽ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റുമാരായ ഡോ. സിന്ധു സദാനന്ദൻ, ഡോ. റിൻസി കെ. ഏബ്രഹാം, പ്രോഗ്രാം അസ്സിസ്റ്റന്റ് ശ്രീ. ബിനു ജോൺ, സിസ്റ്റർ ത്രേസ്യാമ്മ ജോർജ്ജ്, റോഷ്ന പി.കെ, അന്നമ്മ റ്റി. ബേബി, സാബു പുല്ലാട്ട് എന്നിവർ പ്രസംഗിച്ചു.

# കാപ്പി കർഷകർക്ക് താങ്ങാകാൻ കോഫി പാർക്ക്: മലബാർ കോഫിയും ബ്രാൻഡ് ആകുന്നു

ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന ആകെ കാപ്പിയുടെ നാലിലൊന്നും ഉല്പാദിപ്പിക്കുന്ന വയനാട് ജില്ലയിലെ കർഷകരെ സഹായിക്കുന്നതിന് പ്രായോഗിക ഇടപെടലുമായി സർക്കാർ .

സംസ്ഥാന സർക്കാർ വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ കിൻഫ്രയുടെ ചുമതലയിൽ ആദ്യഘട്ടത്തിൽ വയനാട്ടിൽ കോഫി പാർക്ക് ആരംഭിച്ചു. എൻപതിനായിരം കാപ്പി കർഷകരുള്ള വയനാട്ടിൽ 70,000 ഹെക്ടർ സ്ഥലത്ത് കാപ്പി കൃഷിയുണ്ട്. പ്രതി വർഷം 65,000 ടൺ കാപ്പി യാണ് ജില്ലയിൽ നിന്ന് ഉല്പാദിപ്പിക്കുന്നത്. അന്താരാഷ്ട്ര വിപണിയിൽ വയനാടൻ കാപ്പിക്ക് പ്രിയ മേറെയുണ്ടങ്കിലും ഇടനില ക്കാരുടെ ഇടപെടൽ മൂലം വിലക്കുറവാണ് കർഷകർ നേരിടുന്ന പ്രധാന പ്രശ്നം.



വിളവെടുത്ത കാപ്പി ഉണക്കി ഉണ്ട കാപ്പിയാക്കിയോ പരിപ്പാക്കിയോ ആണ് കർഷകർ ഇപ്പോൾ വിൽക്കുന്നത്. ഇങ്ങനെ വിൽക്കുമ്പോൾ വിപണിയിലെ വിലക്കുറവെന്ന പ്രധാന പ്രശ്നത്തിന് പരിഹാരമായി വയനാടൻ കാപ്പിയുടെ ഉയർന്ന ഗുണ നിലവാരം ലോകത്തെ അറിയിച്ച് ,പ്രത്യേകതകളോടെ ഉല്പാദനം നടത്തുന്നുവെന്ന പ്രചാരണം നടത്തി, വിലക്കൂട്ടി വാങ്ങുകയാണ് ഒരു രീതി. അന്തരീക്ഷത്തിൽ കാർബണിന്റെ ഉല്പാദനം കുറച്ച് , മലിനീകരണമില്ലാത്ത മണ്ണും പരിസ്ഥിതിയും ഉൾപ്പെടുന്ന കാർബൺ ന്യൂട്രൽ ജില്ല എന്ന പെരുമയോടെ ഉല്പന്നം വിപണിയിലെത്തിക്കുന്നു. രണ്ടാമത്തെ രീതിയനുസരിച്ച് ഉണ്ട കാപ്പിക്കും കാപ്പി പരിപ്പിനും പകരമായി പഴുത്ത കാപ്പി വിളവെടുത്ത് 12 മണിക്കൂറിനുള്ളിൽ സംഭരണ കേന്ദ്രങ്ങളിലെത്തിച്ച് പ്രത്യേകം സംസ്കരിച്ച് പ്രത്യേക ബ്രാൻഡിംഗിൽ വിൽക്കുന്നു. ആദ്യഘട്ടത്തിൽ ഇതിന് മലബാർ കോഫി എന്ന് പേര് നൽകിയിട്ടുണ്ടങ്കിലും പിന്നീട് ഈ പേര് മാറാനിടയുണ്ട്. ഈ രണ്ട് രീതിക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വവും സാങ്കേതിക ഇടപെടലും ഉണ്ടാകും. കർഷകർക്ക് പിന്തുണ നൽകുന്നതോടൊപ്പം സമാന്തരമായി കൽപ്പറ്റക്കടുത്ത് മെഗാ ഫുഡ് പാർക്കിനായി ഏറ്റെടുത്ത നൂറ് ഏക്കറിൽ മാതൃക കാപ്പിതോട്ടവും സംസ്കരണ കേന്ദ്രവും ആരംഭിക്കും. ഇതിനും കോഫി പാർക്കിനുമായി ആദ്യഘട്ടത്തിൽ സംസ്ഥാന സർക്കാർ 150 കോടി രൂപ വകയിരുത്തിക്കഴിഞ്ഞു. പ്രാരംഭ നടപടികളുടെ ഭാഗമായി ഒരു സ്പെഷൽ ഓഫീസറെയും രണ്ട് കൺസൾട്ടന്റുമാരെയും നിയമിച്ചാണ് കോഫി പാർക്കിന് തുടക്കം കുറിച്ചത്.

സംസ്ഥാന സർക്കാരിന്റെ ആയിരം ദിനങ്ങളുടെ ഭാഗമായുള്ള പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് കോഫി പാർക്കിന് തുടക്കമായത്. ഇവിടെ ഒന്നര ലക്ഷം കാപ്പിതൈകൾ നട്ടുപിടിപ്പിച്ച് വിളവെടുപ്പിന് പാകമാക്കും. ഇതിന് സമാന്തരമായി നിലവിൽ ജൈവ രീതിയിലും അല്ലാതെയും കൃഷി ചെയ്യുന്ന കർഷകർക്ക് കിൻഫ്രയുടെ സാങ്കേതിക സഹായത്തോടെ കാർബൺ ന്യൂട്രൽ പദവി നൽകുന്ന ഒരു മൂന്നാം കക്ഷി സർട്ടിഫിക്കറ്റ് നൽകുമെന്നും രണ്ട് പദ്ധതികളുടെയും ഡി.പി.ആർ. ഉടൻ തയ്യാറാകുമെന്നും കിൻഫ്ര മാനേജിംഗ് ഡയറക്ടർ റിംഗ് കമാൻഡർ (റിട്ട. ) ശ്രീ. കെ.എ. സന്തോഷ് കുമാർ പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ ആയിരം ദിനാഘോഷത്തിൽ കാപ്പി കർഷകർക്കുള്ള സമ്മാനമാണിതെന്ന് എം.എൽ.എ ശ്രീ. സി.കെ. ശശീന്ദ്രനും മന്ത്രി ശ്രീ. ഇ.പി.



ജയരാജനും പറഞ്ഞു. കൽപ്പറ്റയിൽ നടന്ന ചടങ്ങിൽ വ്യവസായ - കായിക - യുവജനകാര്യ വകുപ്പ് മന്ത്രി ശ്രീ. ഇ.പി. ജയരാജൻ കോഫി പാർക്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ധനകാര്യ മന്ത്രിയാണ് വയനാട് കോഫി മലബാർ കോഫി എന്ന പേരിൽ ബ്രാൻഡ് ചെയ്യുമെന്ന് നിയമസഭയിൽ പ്രഖ്യാപിച്ചത്. ഇതിന് മുന്നോടിയായി മീനങ്ങാടി പഞ്ചായത്ത് കേന്ദ്രീകരിച്ച് കാർബൺ തുലിത യജ്ഞം രണ്ട് വർഷം മുമ്പ് ആരംഭിച്ചിരുന്നു. ഭൂ വിസ്തൃതിയുടെ നാല്പത് ശതമാനം വനമുള്ള വയനാട് പശ്ചിമഘട്ടത്തിലെ അതീവ ജൈവ - പാരിസ്ഥിതിക പ്രാധാന്യമുള്ള സമ്പൂർണ്ണ കാർഷിക ജില്ലയാണ്. കാർബൺ ന്യൂട്രൽ പദവി ആദ്യം നേടാൻ സാധ്യതയുള്ള രാജ്യത്തെ പ്രധാന ഭൂപ്രദേശങ്ങളിൽ ഒന്നാണ് വയനാട് . നിലവിലുള്ള പ്രകൃതി സംരക്ഷിച്ചും പുതിയ മരങ്ങൾ വച്ച് പിടിപ്പിച്ചും ഈ പദവി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായം നൽകുകയാണ് സർക്കാർ ലക്ഷ്യം .

വയനാട് ജില്ല കാർബൺ ന്യൂട്രൽ ആകുന്നതോടെ കാപ്പിക്ക് പിന്നാലെ തേയിലയും ഈ രീതിയിൽ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കും. മാനന്തവാടിയിൽ ഇരുനൂറ് ഏക്കർ സ്ഥലം കണ്ടെത്തി 26 ശതമാനം സർക്കാർ വിഹിതത്തോടെ പൊതു സ്വകാര്യ പങ്കാളിത്തത്തിൽ കാർബൺ ന്യൂട്രൽ വയനാടൻ ടീ വിപണിയിലെത്തിക്കാനാണ് ലക്ഷ്യം.

*സി.വി.ഷിബു.*

---

## 'കൈനീട്ടം' പൈതൃക നെൽവിത്ത് കൈമാറൽ മേള സംഘടിപ്പിച്ചു

വിവിധ നാടൻ നെല്ലിനങ്ങൾ കൃഷി ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യുന്ന നിരവധി കർഷകരേയും സംഘടനകളേയും ഒരുമിച്ച് ഒരു വേദിയിലെത്തിച്ച് വിത്തുകളും അറിവുകളും പരസ്പരം കൈമാറുന്നതിനുള്ള അവസരമുണ്ടാക്കുന്നതിനു വേണ്ടി പട്ടാമ്പി പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം സംഘടിപ്പിച്ച കൈനീട്ടം പൈതൃക നെൽവിത്ത് മേളയും പങ്കാളിത്ത പയർ ഉൽപാദന പദ്ധതിയും 2019 മാർച്ച് 7ന് പട്ടാമ്പി നിയമസഭാംഗം ശ്രീ. പി മുഹമ്മദ് മുഹ്സിൻ ഉദ്ഘാടനം ചെയ്തു. കാർഷിക സർവ്വകലാശാല ഗവേഷണവിഭാഗം മേധാവി ഡോക്ടർ ശ്രീമതി പി ഇന്ദിരാദേവി ചടങ്ങിന് അധ്യക്ഷത വഹിച്ചു. കാർഷിക ഗവേഷണകേന്ദ്രം ഡിപ്ലോമ വിദ്യാർത്ഥികളുടെ കർഷക സേവന പരിപാടിയുടെ തുടക്കം കൃഷി കർമ്മസേന പ്രവർത്തന ആരംഭം പട്ടാമ്പി നഗരസഭ ചെയർമാൻ കെ എസ് ബി ഐ തങ്ങൾ നിർവഹിച്ചു, പൈതൃക നെൽവിത്തിനങ്ങളുടെ പ്രത്യേകതകളും സംരക്ഷണവും എന്ന സെമിനാർ സെമിനാർ കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ അംഗം ശ്രീ. ചെറുവയൽ രാമൻ നിർവ്വഹിച്ചു. ചടങ്ങിന് പട്ടാമ്പി നഗരസഭ കൗൺസിലർ ശ്രീമതി എം വി ലീല, ശ്രീ. എം മോഹന സുന്ദരൻ ജനറൽ കൗൺസിൽ അംഗങ്ങളായ ഡോ. സക്കീർഹുസൈൻ ഡോ. തോമസ് ജോർജ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി പി ഉഷ ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി ഗിരിജ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. ചടങ്ങിന് പട്ടാമ്പി ഗവേഷണ കേന്ദ്രം മേധാവി ഡോക്ടർ എം സി നാരായണൻകുട്ടി സ്വാഗതവും പ്ലാന്റ് പത്തോളജി പ്രൊഫസർ ഡോ. പി രാജി നന്ദിയും രേഖപ്പെടുത്തി



# കൊച്ചി കൃഷി വിജ്ഞാൻ കേന്ദ്രയുടെ വിപണന മാതൃക – ഫാം ഷോപ്പ്




ഏറെനാളത്തെ അധ്വാനം കൊണ്ട് വിളയിച്ചെടുത്ത തങ്ങളുടെ ഉല്പ്പന്നങ്ങൾ വിറ്റഴിക്കാൻ ഇടമില്ലാതെ കഷ്ടപ്പെടുന്ന കർഷകർക്ക് കൊച്ചി കൃഷി വിജ്ഞാൻ കേന്ദ്രയുടെ (കെ.വി.കെ) കൈത്താങ്. കെ.വി.കെ.യുടെ ഫാം ഷോപ്പിലൂടെ കർഷകർക്കും സ്വാശ്രയ സംഘങ്ങള്ക്കും, പ്രാഥമിക ഉല്പാദക സംഘങ്ങൾക്കും തങ്ങളുടെ ഉല്പ്പന്നങ്ങൾക്ക് വിപണി കണ്ടെത്താം. ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉല്പ്പന്നങ്ങൾ ലഭിക്കും. ഓരോ പ്രദേശത്തേയും തനതായ ഉല്പന്നങ്ങൾ ഇവിടെ ലഭ്യമാകും. ഉല്പാദനം അധികമായാൽ വില്ക്കാൻ സാധിക്കാതെ വരുന്ന ഉല്പ്പന്നങ്ങൾക്ക് ഇതിലൂടെ വിപണി കണ്ടെത്താൻ സാധിക്കും. കർഷകർക്ക് നല്ല വിലയും ലഭിക്കും. കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ നേരിട്ട് നല്കണമെങ്കിൽ കൃഷി ഓഫീസറുടേയോ, മൃഗഡോക്ടറുടേയോ സാക്ഷ്യപത്രം ആവശ്യമാണ്. ഉല്പ്പന്നം ആകർഷകമായി പാക്ക് ചെയ്യുന്നതിനുള്ള പരിശീലനം കെ.വി.കെ നല്കും. ലേബൽ ഡിസൈൻ ചെയ്യുന്നതിനും ഒട്ടിക്കുന്നതിനും ആവശ്യമായ സാങ്കേതികസഹായവും ഭക്ഷ്യസുരക്ഷാ ലൈസൻസ് ലഭിക്കുന്നതിനുള്ള സഹായവും കെ.വി.കെ യിൽ നിന്ന് ലഭിക്കും. വിപണനം നടത്തേണ്ട ഉല്പ്പന്നങ്ങളുടെ ഗുണമേന്മ കെ.വി.കെ. സംഘത്തിന്റെ നേരിട്ടുള്ള പരിശോധനയ്ക്ക് ശേഷം മാത്രമേ സംഭരണം നടത്തുകയുള്ളൂ. സംഭരണം ആരംഭിച്ചു കഴിഞ്ഞാൽ കെ.വി.കെ ആവശ്യപ്പെടുമ്പോഴൊക്കെ ഉല്പ്പന്നങ്ങൾ നല്കേണ്ടതാണ്. മറയൂർ ശർക്കര, കാന്തല്ലൂർ വെളുത്തുള്ളി, പൊക്കാളി അരി, നാടൻ മുട്ട, ശുദ്ധമായ വെളിച്ചെണ്ണ, നെയ്യ്, തേൻ, ഉണക്കമീൻ, പുട്ടുപൊടി എന്നിവയെല്ലാം ഇപ്പോൾ ലഭ്യമാണ്. മറ്റ് കെ.വി.കെ. കളിൽ നിന്നും സംഭരിക്കുന്ന ഉല്പ്പന്നങ്ങളും ഫാം ഷോപ്പ് വഴി വിൽക്കും. കർഷകരുടെ ഉല്പന്നങ്ങളുടെ നല്ല വില താമസിക്കാതെ തന്നെ ലഭിക്കുമെന്നതിനാൽ കർഷകർക്കും മിതമായ നിരക്കിൽ ശുദ്ധമായ കാർഷിക ഉല്പ്പന്നങ്ങൾ ലഭിക്കുമെന്നതിനാൽ ഉപഭോക്താക്കൾക്കും ഒരേപോലെ പ്രിയമാവുകയാണ് ഫാം ഷോപ്പ്.

# എഫ്.ഐ.ബിയുടെ പ്രവർത്തനങ്ങൾ അടുത്തറിയാൻ കാർഷിക വിദ്യാർത്ഥികൾ





വെള്ളായണി കാർഷിക കോളേജിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികളുടെ പ്രവൃത്തി പരിചയത്തിന്റെ ഭാഗമായി 44 വിദ്യാർത്ഥികളടങ്ങുന്ന സംഘം ഫാം ഇൻഫർമേഷൻ ബ്യൂറോ സന്ദർശിച്ചു. കാർഷിക സർവകലാശാല വിജ്ഞാനവ്യാപന വിഭാഗം മേധാവി ഡോ. സീമ ബി., അസിസ്റ്റന്റ് പ്രൊഫസർ ഡോ. അലൻ തോമസ് എന്നിവരുടെ നേതൃത്വത്തിലാണ് സംഘം സന്ദർശനം നടത്തിയത്. കാർഷികരംഗത്ത് ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ മാധ്യമ ധർമ്മം മനസ്സിലാക്കുവാനും അച്ചടി, ദൃശ്യ മാധ്യമങ്ങളുടെ സാങ്കേതികതലങ്ങൾ നേരിട്ട് കണ്ട് പഠിയ്ക്കുവാനും വിദ്യാർത്ഥികൾക്ക് സാധിച്ചു. എഫ്.ഐ.ബി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറായ ശ്രീ.ജി.എസ്. ഉണ്ണിക്കൃഷ്ണൻ നായർ അവിടുത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുകയും ചെയ്തു. എഫ്.ഐ.ബി സംപ്രേഷണം ചെയ്യുന്ന വിവിധ കൃഷിസംബന്ധമായ പരിപാടികളിൽ വിദ്യാർത്ഥികൾക്ക് അവസരവും ലഭിച്ചു. ഇതിലൂടെ നവമാധ്യമങ്ങളിലുള്ള എഫ്.ഐ.ബിയുടെ സാന്നിധ്യവും വിദ്യാർത്ഥികൾക്ക് പരിചിതമായി.


ചീഫ് എഡിറ്റർ - ജി.എസ്. ഉണ്ണികൃഷ്ണൻ നായർ
എഡിറ്റർ - ബി.കെ. അനിൽ
അസോസിയേറ്റ് എഡിറ്റർ - ഡോ. ടി.വി. രാജേന്ദ്രലാൽ
അസി. എഡിറ്റർ - വിഷ്ണു എസ്.പി.
ഫോട്ടോ - അരുൺ മോഹൻ
ഡി.റ്റി.പി. & ലേ ഔട്ട് - ദീപക് മൗത്താട്ടിൽ

ഫോൺ: 0471 2317314, 2314358, 2318186, e-mail : fibtvm@gmail.com , mediadivisionfib@gmail.com

Published by G.S. Unnikrishnan Nair , Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala; Editor: B.K. Anil.